**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4856 05.02.2014-ൽ മറുപടിയ്ക്ക്**

<u>കൊട്ടിയം താറാവ് വളർത്തൽ കേന്ദ്രം</u>

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ജി.എസ്.ജയലാൽ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ കൊട്ടിയത്ത് സ്ഥാപിച്ചിട്ടുള്ള താറാവ് വളർത്തൽ കേന്ദ്രത്തിന്റെ നിലവിലുള്ള പ്രവർത്തന പുരോഗതി വിശദമാക്കാമോ ; | എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ കൊട്ടിയത്ത് പ്രവർത്തിക്കുന്ന താറാവ് വളർത്തൽ കേന്ദ്രത്തിൽ 'വിഗോവ' ഇനത്തിൽപ്പെട്ട താറാവിന്റെ മാതൃ പിതൃ ശേഖരം 1200 എണ്ണം ആണ് ഉണ്ടായിരുന്നത്. 14.6.2013 വരെ പ്രസ്തുത കേന്ദ്രത്തിൽ നിന്ന് കുഞ്ഞുങ്ങളെ വിപണനം നടത്തിയിട്ടുണ്ട്. മാതൃ പിതൃ ശേഖരത്തിലെ താറാവുകളെ, ഉൽപ്പാദനകാലഘട്ടം കഴിഞ്ഞതിനെ തുടർന്ന് നീക്കം ചെയ്തതിനാൽ പിന്നീട് കുഞ്ഞുങ്ങളെ വിപണനം ചെയ്യാൻ കഴിഞ്ഞിട്ടില്ല. |
| ബി) പ്രസ്തുത സ്ഥാപനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് താറാവ് കുഞ്ഞുങ്ങളുടെ ഉൽപ്പാദനം കാര്യമായി നടക്കുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | ബി) ഉണ്ട്. 'വിഗോവ' ഇനത്തിലുള്ള മാതൃപിതൃശേഖരത്തിന്റെ ഗുണമേന്മയുള്ള കുഞ്ഞുങ്ങളെ കിട്ടാനുള്ള ബുദ്ധിമുട്ട് കാരണം നിലവിൽ ഈ കേന്ദ്രത്തിന്റെ പ്രവർത്തനം നടക്കുന്നില്ല. കേന്ദ്ര പൗൾട്രി ഡവലപ്മെന്റ് ഓർഗനൈസേഷനിൽ നിന്നുമായിരുന്നു കുഞ്ഞുങ്ങളെ കിട്ടിയിരുന്നത്. ഇവിടെ പക്ഷിപ്പനി ബാധിച്ചതു മൂലം കുഞ്ഞുങ്ങൾ ലഭ്യമാകാത്ത സ്ഥിതിയുണ്ട്. പ്രൈവറ്റ് ഏജൻസികളിൽ നിന്നും വാങ്ങിയാൽ മാതൃ പിതൃ ശേഖരത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്താൻ കഴിയില്ല. |

| | | | |
|---|---|---|---|
| സി) | വിപുലമായ സൗകര്യങ്ങളോടുകൂടി ആരംഭിച്ച താറാവ് വളർത്തൽ കേന്ദ്രം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ? | സി) | കേന്ദ്ര പൗൾട്രി ഡവലപ്മെന്റ് ഓർഗനൈസേഷനിൽ നിന്നും ഗുണമേന്മയുള്ള ഒരു ദിവസം പ്രായമായ 'വിഗോവ' ഇനത്തിലുള്ള മാതൃ പിതൃ ശേഖരത്തിന്റെ കുഞ്ഞുങ്ങളെ ലഭ്യമാകുന്നമുറയ്ക്ക് താറാവ് വളർത്തൽ കേന്ദ്രത്തിന്റെ പ്രവർത്തനം സജീവമാകുന്നതാണ്. |

Seela

സെക്ഷൻ ഓഫീസർ